**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 615** **30-01-2024 - ൽ മറുപടിയ്ക്ക്**

**അങ്കമാലി ടെൽക്കിന്റെ പ്രവർത്തനം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. റോജി എം. ജോൺ</td><td colspan="2">ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>അങ്കമാലി ടെൽക്കിന്റെ 2015-16 ലെ നെറ്റ് വർത്ത് വാല്യു എത്ര കോടിയായിരുന്നെന്ന് വ്യക്തമാക്കാമോ; 2016-17 മുതൽ 2022-23 വർഷം വരെയുള്ള ടേൺ ഓവറും അറ്റാദായവും എത്രയെന്ന് സാമ്പത്തികവർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; ടെൽക്കിൽ 2021-22, 2022-23 എന്നീ വർഷങ്ങളിൽ എത്ര കോടിയുടെ ഓർഡർ ലഭിച്ചിരുന്നെന്നും അതിൽ എത്രയാണ് പൂർത്തീകരിച്ചതെന്നും വ്യക്തമാക്കാമോ;</td><td>(എ)</td><td>കമ്പനിയുടെ 2015-16 ലെ നെറ്റ് വർത്ത് 86.2880 കോടി രൂപയായിരുന്നു.<br><br>ടെൽകിന്റെ 2016-17 മുതൽ 2022-23 വർഷം വരെയുള്ള ടേൺ ഓവറും അറ്റാദായവും ചുവടെ ചേർത്തിരിക്കുന്നു.<br><br>(തുക ലക്ഷത്തിൽ)
<table>
<tr><th>വർഷം</th><th>വിറ്റുവരവ്</th><th>പ്രോഫിറ്റ് ആഫ്റ്റർ ടാക്സ്</th></tr>
<tr><td>2016-17</td><td>18182.34</td><td>488.97</td></tr>
<tr><td>2017-18</td><td>15615.81</td><td>264.14</td></tr>
<tr><td>2018-19</td><td>20447.29</td><td>384.99</td></tr>
<tr><td>2019-20</td><td>20313.34</td><td>633.83</td></tr>
<tr><td>2020-21</td><td>14648.35</td><td>(2276.12) നഷ്ടം</td></tr>
<tr><td>2021-22</td><td>13738.4</td><td>(3968.17) നഷ്ടം</td></tr>
<tr><td>2022-23</td><td>18310.25</td><td>520.73</td></tr>
</table>
ടെൽകിൽ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ 25312.57 ലക്ഷം രൂപയുടെ ഓർഡറുകൾ ലഭിക്കുകയും അതിൽ 7277.99 ലക്ഷം രൂപയുടെ ഓർഡറുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ടെൽക്കിന് നാളിതുവരെയായി പിരിഞ്ഞ് കിട്ടാനുള്ള തുകയെത്രയാണെന്ന് കണക്കുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;</td><td>(ബി)</td><td>ഉണ്ട്. 33.87 കോടി രൂപയാണ് കമ്പനിയ്ക്ക് നാളിതുവരെയായി പിരിഞ്ഞ് കിട്ടാനുള്ളത്. ആയത് പിരിച്ചെടുക്കുന്നതിന് കമ്പനി നടപടി സ്വീകരിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>ടെൽക്കിലെ ജീവനക്കാരുടെ ഏതെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നതിന് കുടിശികയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; ടെൽക്കിലെ ജീവനക്കാരുടെ മാസ പ്രൊഡക്ഷൻ ഇൻസെന്റീവ്, മറ്റ് ഇൻസെന്റീവ് എന്നിവ നൽകുന്നത് തടഞ്ഞ്</td><td>(സി)</td><td>ഉണ്ട്.<br><br>ഓഫീസർമാരുടെ പേ റിവിഷൻ, തൊഴിലാളികളുടെ ദീർഘകാല കരാർ എന്നീ ഇനങ്ങളിൽ കമ്പനിക്ക് 1784.4 ലക്ഷം രൂപയുടെ കുടിശ്ശികയുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| | വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ; | | കമ്പനിയിലെ സാമ്പത്തിക ഞെരുക്കം മൂലം മാസപ്രൊഡക്ഷൻ ഇൻസന്റീവ്. PPBIS എന്നീ ഇനങ്ങളിൽ ഏകദേശം 60 ലക്ഷം രൂപയുടെ കുടിശ്ശികയുണ്ട്. |
| (ഡി) | ടെൽക്കിന്റെ 2016-17 മുതൽ 2022-23 വർഷം വരെയുള്ള ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള സാമ്പത്തിക നഷ്ടം സംബന്ധിച്ച വിവരം പരിശോധിച്ചിരുന്നോ; നഷ്ടത്തിന് ഉത്തരവാദികൾ ആരെല്ലാമെന്ന് വ്യക്തമാക്കാമോ; സാമ്പത്തിക നഷ്ടം തിരിച്ച് പിടിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ? | (ഡി) | കമ്പനിയിൽ 2020-21 വരെയാണ് ആഡിറ്റ് പൂർത്തീകരിച്ചത്. ടെൽക് 2016-17 മുതൽ 2019-20 വരെ ലാഭത്തിൽ പ്രവർത്തിച്ചതും, കോവിഡ് മഹാമാരിയെ തുടർന്ന് വിവിധ മേഖലകളിൽ ഉണ്ടായ പ്രതിസന്ധിയെ തുടർന്ന് ഉൽപാദനത്തിൽ വന്ന കുറവ് മൂലമാണ് കമ്പനിക്ക് 2020-21 ൽ നഷ്ടം നേരിടേണ്ടിവന്നത്. ഇപ്പോൾ കമ്പനി പ്രവർത്തന ലാഭത്തിന്റെ പാതയിലാണ്. |

സെക്ഷൻ ഓഫീസർ